കെ. എസ്. ടി. പി. ലോകബാങ്ക് വായ്പയോടുകൂടി നടത്തുന്ന റോഡ് വികസന പദ്ധതി

135 [2329] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, പി. കെ. ചന്ദ്രൻ:
,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ. എസ്. ടി. പി. ലോകബാങ്ക് വായ്പയോടുകൂടി നടത്തുന്ന റോഡ് വികസന പദ്ധതിയിൽ ഏതെല്ലാം നിർമ്മാണ കമ്പനികളാണ് നഷ്ടപരിഹാരം ആവശ്യപ്പെട്ടിട്ടുള്ളത്; ഇതിനോടകം എന്തു തുക നഷ്ട പരിഹാര തുകയായി നൽകി; ഓരോ കമ്പനിക്കും പലിശയിനത്തിൽ ഇതിനകം എത്ര രൂപ നൽകി?

ഉത്തരം

ഓറിയൻറൽ സ്ട്രക്ചറൽ എഞ്ചിനീയേഴ്സ് ലിമിറ്റഡ് എന്ന കമ്പനി നഷ്ടപരിഹാരം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുവരെ നഷ്ടപരിഹാരത്തുക ഒന്നും നൽകിയിട്ടില്ല. പലിശയിനത്തിലും തുക നൽകിയിട്ടില്ല.

കോഴിക്കോട്-മംഗലാപുരം നാഷണൽ ഹൈവേ

136 [2338] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-മംഗലാപുരം നാഷണൽ ഹൈവേ നാലുവരിപ്പാത യാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു;

(ബി) അതിന്റെ പ്രവർത്തനം എവിടെവരെയായി;

(സി) അക്വിസിഷൻ നടപടികളും പൂർത്തിയായ പ്രദേശങ്ങളും ഏതെല്ലാമാണ്; ഇത് എത്ര കിലോമീറ്ററാണ്;

(ഡി) വർക്ക് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എൻ. എച്ച്. 17 കോഴിക്കോട് മുതൽ മംഗലാപുരം വരെയുള്ള 263 കി. മീ. നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് 1,150 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണം എൻ. എച്ച്. ഡി. പി. മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി നാഷണൽ ഹൈവേ അതോറിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് മുതൽ സംസ്ഥാന അതിർത്തിവരെയുള്ള എൻ. എച്ച്. 17-ൽ 625 ഹെക്ടർ സ്ഥലം ഇപ്പോൾ ലഭ്യമാണ്. നാലുവരി പാതയായി വികസിപ്പിക്കുവാൻ 148 ഹെക്ടർ സ്ഥലം കൂടി ആവശ്യമാണ്. കോഴിക്കോട് മുതൽ കുറ്റിപ്പുറം വരെ Detailed Project Report കേന്ദ്ര സർക്കാരാണ് തയ്യാറാക്കുന്നത്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) പ്രവർത്തനം ആരംഭിക്കുന്നത് കേന്ദ്ര സർക്കാരിന്റെ തീരുമാന മനുസരിച്ചാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly